**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1315** **10-10-2024 - ൽ മറുപടിയ്ക്ക്**

**കടലുകാണി ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കിളിമാനൂർ മണ്ഡലത്തിലെ കടലുകാണി ടൂറിസം പദ്ധതി ഏത് ഘട്ടത്തിലാണ് വിശദമാക്കുമോ? | (എ) | **തിരുവനന്തപുരം ഡി.റ്റി.പി.സി മുഖേന ആറ്റിങ്ങൽ നഗരസഭയിലെ കടലുകാണിപ്പാറയുടെ ടൂറിസം പ്രാധാന്യം കണക്കിലെടുത്ത് രണ്ടാം ഘട്ട വികസനത്തിന് 1.87 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡുമായി കരാർ ഒപ്പുവെച്ച് ടെണ്ടർ ചെയ്യുകയും കരാറുകാരന് 1.66 കോടി രൂപയുടെ വർക്ക് ഓർഡർ നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി പദ്ധതിയിലെ ചില ഘടകങ്ങൾ നടപ്പാക്കുന്നതിന് ബുദ്ധിമുട്ട് നേരിട്ടതിനെതുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ തീരുമാനിച്ചു. എന്നാൽ പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോകാൻ കരാറുകാരും ഏജൻസിയും അസൗകര്യം അറിയിച്ചതിനെ തുടർന്ന് കരാർ റദ്ദാക്കുകയും ചെയ്തു. പിന്നീട് "സിൽക്ക്" മുഖേന 1.81 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവെങ്കിലും അനിശ്ചിതമായി വൈകുന്ന പദ്ധതികളുടെ തുക തിരിച്ചുപിടിക്കാനുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ ഫണ്ട് തിരിച്ചടയ്ക്കാൻ ഡിറ്റിപിസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ